## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2267

18.06.2013 ൽ മറുപടിക്ക്

# അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി. | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പല സർട്ടിഫിക്കറ്റുകളും അക്ഷയ കേന്ദ്രങ്ങൾ വഴി ലഭിക്കുന്ന സാഹചര്യത്തിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) അംഗീകൃത ലൊക്കേഷനുകളിൽ ഒഴിവുള്ള സ്ഥലത്ത് അക്ഷയ കേന്ദ്രങ്ങൾ ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ ഏരിയായിൽ കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള സാദ്ധ്യതയും പരിശോധിച്ചു വരുന്നുണ്ട്. |
| (ബി) ഇപ്പോൾ ഓരോ പഞ്ചായ ത്തിലും എത്ര വീതം അക്ഷയ കേന്ദ്രങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ശരാശരി 2500 കുടുംബങ്ങൾക്ക് ഒരു അക്ഷയ കേന്ദ്രം എന്ന നിലയിൽ ഓരോ പഞ്ചായത്തിലും രണ്ടു മുതൽ മൂന്ന് അക്ഷയ കേന്ദ്രങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. വിശദമായ പരിശോധനയ്ക്കു ശേഷമേ വർദ്ധനവ് വരുത്തുന്ന കാര്യം പരിഗണിക്കാനാവൂ. |
| (സി) അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾക്ക് ഏകീകൃത ഫീസ് നിരക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; | (സി) അക്ഷയ വഴി നൽകുന്ന സേവനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നും ഏകീകൃത ഫീസ് ഈടാക്കുന്നുണ്ട്. പ്രധാന സേവനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നും വാങ്ങുന്ന സർവീസ് ചാർജ്ജുകൾ താഴെ പറയുന്നു.<br><br>1. ആധാർ എന്റോൾമെന്റ്, ചിയാക്ക് രജിസ്ട്രേഷൻ/പുതുക്കൽ, ഇ-ഫയലിംഗ്, ഇ-ഗ്രാൻഡ്സ് എന്നിവ സൗജന്യമായി ചെയ്യുന്നു. (ഇതിനുള്ള സർവീസ് ചാർജ്ജ് ബന്ധപ്പെട്ട ഏജൻസിയിൽ നിന്നും അക്ഷയ സ്റ്റേറ്റ് ഓഫീസ് വാങ്ങി അക്ഷയ സംരഭകർക്ക് നൽകുന്നു.)<br><br>2.ഇ-പേ :<br>വാട്ടർ അതോറിറ്റി, വൈദ്യുതി ബില്ലുകൾക്ക്:- ബിൽ തുക 1000 രൂപ വരെ സർവീസ് ചാർജ് 10 രൂപ, ബിൽ തുക 5000 രൂപ വരെ-സർവീസ് ചാർജ് 20 രൂപ. ബിൽ തുക |

5000 ന് മുകളിലാണെങ്കിൽ സർവീസ് ചാർജ് ബിൽ തുകയുടെ 0.5%

യൂണിവേഴ്സിറ്റി ഫീസ് :- സർവീസ് ചാർജ് 15 രൂപ

3. റേഷൻ കാർഡ് :- 25 രൂപ

4. ഇ-ജില്ല ഓൺലൈൻ സർട്ടിഫിക്കറ്റുകൾ :- 25 രൂപ (റവന്യൂ സ്റ്റാമ്പിന്റെ 5 രൂപ ഉൾപ്പെടെ)

5. ഇ-വിദ്യ കോഴ്സ് :- 450 രൂപ

6. ഇന്റൽ ലേൺ:

ടെക്നോളജി & കമ്മ്യൂണിറ്റി പ്രോഗ്രാം :-350 രൂപ

ടെക്നോളജി വർക്ക് :- 350 രൂപ

ടെക്നോളജി & എന്റർപ്രണർഷിപ്പ് :- 2000 രൂപ

7. ഇ-മണൽ :- 20 രൂപ

8. <u>ഇ-ടിക്കറ്റിംഗ്</u>

റെയിൽവേ ടിക്കറ്റ് :- 20 രൂപ

9.കേരള പ്രവാസി ക്ഷേമനിധി (കെ.എൻ.ആർ.കെ) :- അംശാദായ തുക 500 രൂപ വരെ സർവീസ് ചാർജ് 5 രൂപ, 500 മുതൽ 1000 രൂപ വരെ സർവീസ് ചാർജ് 10 രൂപ, 1000 ന് മുകളിൽ 14 രൂപ

10. ജനന മരണ സർട്ടിഫിക്കറ്റുകൾ :- 10 രൂപ

11. മലയാളം കമ്പ്യൂട്ടിംഗ് :- 3 മുതൽ 10 വരെ പഠിതാക്കളുള്ള ഒരു ബാച്ചിന് ചാർജ് 350 രൂപ, ഒരു കമ്പ്യൂട്ടറിന് 25 രൂപ(എനേബിളിംഗ്)

12. ഇഗ്നോ :- ഇഗ്നോ യൂണിവേഴ്സിറ്റിയുടെ നിയമമനുസരിച്ചുള്ള കോഴ്സ് ഫീസ്

13. ഇൻസൈറ്റ് :- 160 രൂപ

14. ഡൊയാക് സി-ഡിറ്റ് കോഴ്സുകൾ :- ഡൊയാക്, സി-ഡിറ്റ് എന്നിവയുടെ നിയമമനുസരിച്ചുള്ള കോഴ്സ് ഫീസ്

15. കേരള എൻജിനീയറിംഗ് & മെഡിക്കൽ എൻട്രൻസ് അഡ്മിറ്റ് കാർഡ് പ്രിന്റൗട്ട് :- 10 രൂപ

ഇവ കൂടാതെ ഓരോ അധിക പേജ് സ്കാൻ ചെയ്യുന്നതിനോ പ്രിന്റൗട്ട് എടുക്കുന്നതിനോ 2 രൂപ ഈടാക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ഡി) | അക്ഷയ കേന്ദ്രം നടത്തിപ്പിന് ജില്ലാ തല കോ-ഓർഡിനേഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതി ന്റെ ഘടന വിശദമാക്കുമോ? | (ഡി) | 13-06-2005 ലെ സർക്കാർ ഉത്തരവ് (MS) No. 22/2005/ITD പ്രകാരം ജില്ലാ പ്ലാനിംഗ് കമ്മിറ്റിയെ അക്ഷയയുടെ ജില്ലാതല ഇംപ്ലിമെൻറ്റേഷൻ കമ്മിറ്റി ആയി നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.